**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **04-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി റോഡുകളിലും പാലങ്ങളിലും ടോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിൽ നിന്നും സർക്കാരിന് എന്തെങ്കിലും വരുമാനം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കിഫ്ബി അംഗീകരിച്ചിട്ടുള്ള ആകെ പദ്ധതികളിൽ 25.30% (Rs.22,113.20 കോടി രൂപയുടെ പദ്ധതികൾ) നിലവിൽ വരുമാനദായകമാണ്. അത് കിഫ്ബിയുടെ റവന്യൂ ആയിട്ടാണ് കണക്കാക്കുന്നത്. |
| (ബി) | കിഫ്ബി പദ്ധതിയിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച റോഡുകളിലും പാലങ്ങളിലും ടോൾ ഏർപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; | (ബി) | 2022 മുതൽ കേന്ദ്ര സർക്കാർ അവലംബിച്ച നയവ്യതിയാനത്തിന്റെ ഫലമായി കിഫ്ബിയുടെയും സമാനസ്ഥാപനങ്ങളുടെയും കടമെടുപ്പ് സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തി വരികയാണ്. ഇത് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കിഫ്ബി വായ്പയെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കി കിട്ടേണ്ടത് അത്യന്താപേക്ഷിതമാണ്. കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലായെന്ന കാരണം നിരത്തിയാണ് കേന്ദ്ര സർക്കാർ കിഫ്ബി കടമെടുപ്പിനെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കാൻ ചില ആലോചനകൾ നടന്നു വരുന്നുണ്ട്. |
| (സി) | ടോൾ ഏർപ്പെടുത്തുക വഴി പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | 2022 മുതൽ കേന്ദ്ര സർക്കാർ അവലംബിച്ച നയവ്യതിയാനത്തിന്റെ ഫലമായി കിഫ്ബിയുടെയും സമാനസ്ഥാപനങ്ങളുടെയും കടമെടുപ്പ് സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തി വരികയാണ്. ഇത് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കിഫ്ബി വായ്പയെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കി കിട്ടേണ്ടത് അത്യന്താപേക്ഷിതമാണ്. കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലായെന്ന കാരണം നിരത്തിയാണ് കേന്ദ്ര സർക്കാർ കിഫ്ബി |

| | | | |
|---|---|---|---|
| | | | കടമെടുപ്പിനെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കാൻ ചില ആലോചനകൾ നടന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ